കുടുംബശ്രീ
പ്രതിധ്വനി

www.kudumbashree.org

കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ

ലക്കം : 53

## ഇന്ത്യ- വെസ്റ്റിൻഡീസ് ടി20 ക്രിക്കറ്റ് മത്സരം;

# ഭക്ഷണമൊരുക്കി കുടുംബശ്രീ യൂണിറ്റുകൾ





ഇന്ത്യയും വെസ്റ്റിൻഡീസും തമ്മിലുള്ള അന്താരാഷ്ട്ര ട്വന്റി 20 ക്രിക്കറ്റ് മത്സരത്തിനെത്തിയ കാണികൾക്ക് ഭക്ഷണമൊരുക്കി നൽകി കുടുംബശ്രീ കഫേ-ക്യാന്റീൻ യൂണിറ്റുകൾ നേടിയത് 4.5 ലക്ഷം രൂപ വിറ്റുവരവ്. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഡിസംബർ എട്ടിന് നടന്ന മത്സരത്തിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ (കെസിഎ) താത്പര്യപ്രകാരം ഭക്ഷണമൊരുക്കി നൽകുന്നതിനുള്ള ഔദ്യോഗിക പങ്കാളിയാകുകയായിരുന്നു കുടുംബശ്രീ. ഗ്യാലറിയിൽ കളികാണാനെത്തിയ 25,000 പേർക്കാണ് കുടുംബശ്രീയുടെ യൂണിറ്റുകൾ സ്വാദൂറും വിഭവങ്ങളൊരുക്കി നൽകിയത്. സ്റ്റേഡിയത്തിനുള്ളിൽ ആകെ 18 കൗണ്ടറുകളിലൂടെയായിരുന്നു ഭക്ഷണ വിതരണം.

വൈകുന്നേരം ഏഴ് മണിക്കാണ് മത്സരത്തിന് തുടക്കമായത്. 3.30 ഓടെ തന്നെ സ്റ്റേഡിയ ത്തിനുള്ളിലേക്ക് കാണികളെ പ്രവേശിപ്പിച്ചു തുടങ്ങിയിരുന്നു. അതിനാൽ തന്നെ 3 മണിയോടെ തന്നെ എല്ലാ കൗണ്ടറുകളിലും വിവിധ ഭക്ഷണവിഭവങ്ങൾ വിതരണത്തിനായി ഒരുക്കിയിരുന്നു. പ്രവേശനം ആരംഭിച്ചപ്പോൾ മുതൽ തന്നെ വിൽപ്പനയും തുടങ്ങി. ചായയും കാപ്പിയും ചെറുകടികളും ആവിയിൽ തയാറാക്കിയ പലഹാരങ്ങളും മുതൽ ചിക്കൻ ബിരിയാണിയും പുലാവും ചപ്പാത്തിയും ചിക്കൻ കറിയും കപ്പയും മീൻകറിയും അടക്കമുള്ള എല്ലാ വിഭവങ്ങളും വിവിധ കൗണ്ടറുകളിലായി ലഭ്യമാക്കിയിരുന്നു. രാത്രി 11 മണിയോടെ മത്സരം പൂർത്തിയായ ശേഷം മടങ്ങിയ കാണികൾക്കും കുടുംബശ്രീ യൂണിറ്റുകൾ ഭക്ഷണം ലഭ്യമാക്കിയിരുന്നു. പൂർണ്ണമായും ഹരിത ചട്ടം പാലിച്ചാണ് ഭക്ഷണം വിതരണം നടത്തിയത്. പ്ലാസ്റ്റിക് പൂർണ്ണമായി ഒഴിവാക്കി സ്റ്റീൽ പാത്രങ്ങളിലും സ്റ്റീൽ ഗ്ലാസ്സുകളിലുമാണ് ഭക്ഷണ പാനീയങ്ങൾ വിതരണം ചെയ്തത്. ശ്രുതി, സമുദ്ര, ബിഗ് ബീറ്റ്സ്, അനാമിക, ജിയാസ് ഫുഡ്, പ്രത്യാശ, സാംജീസ്, അനുഗ്രഹ, ശ്രീശൈലം എന്നീ യൂണിറ്റുകളാണ് ഭക്ഷണമൊരുക്കിയത്. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷന്റെ മേൽനോട്ടത്തിലായിരുന്നു പ്രവർത്തനങ്ങൾ.

**നേടിയത് 4.5 ലക്ഷം രൂപ**

2018 നവംബർ ഒന്നിന് ഇന്ത്യ- വെസ്റ്റിൻഡീസ് ഏകദിന ക്രിക്കറ്റ് മത്സരം ഇതേ വേദിയിൽ നടന്നപ്പോഴും കുടുംബശ്രീ യൂണിറ്റുകൾക്കായിരുന്നു ഭക്ഷണവിതരണ ചുമതല. അന്ന് ഏഴ് യൂണിറ്റുകൾ ചേർന്ന് ഭക്ഷണം ഒരുക്കി നൽകുകയും നാല് ലക്ഷത്തോളം രൂപ വരുമാനം സ്വന്തമാക്കുകയും ചെയ്തിരുന്നു. അന്ന് കുടുംബശ്രീ യൂണിറ്റുകൾ കാഴ്ച്ചവച്ച മികച്ച പ്രൊഫഷണലിസവും അവർ തയാറാക്കി നൽകിയ രുചികരമായ ഭക്ഷണത്തിന്റെ ഗുണമേന്മയുമാണ് ഇതേവേദിയിൽ ഒരിക്കൽക്കൂടി അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരം എത്തിയപ്പോൾ ഭക്ഷണം ഒരുക്കി നൽകാനുള്ള ചുമതല കെസിഎ വീണ്ടും ഏൽപ്പിക്കാൻ കാരണം. അതിന് മുമ്പ് ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ആദ്യമായി നടന്ന അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരമായ ഇന്ത്യ- ന്യൂസിലൻഡ് ട്വന്റി 20 മത്സരത്തിൽ 2017 നവംബർ ഏഴിനും കുടുംബശ്രീ യൂണിറ്റുകൾ ഭക്ഷണം ഒരുക്കി നൽകിയിരുന്നു.



# പി.എം.എ.വൈ (നഗരം) - ലൈഫ് : നഗരങ്ങളിലെ 15,000 കുടുംബങ്ങൾക്ക് ഭവന വായ്പ



## കുടുംബശ്രീയും ഇന്ത്യൻ ഓവർസീസ് ബാങ്കും തമ്മിൽ ധാരണ

കുടുംബശ്രീ മുഖേന കേരളത്തിലെ നഗരങ്ങളിൽ നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (നഗരം)- ലൈഫ് പദ്ധതിയുടെ ഭാഗമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്) അനുസരിച്ച് 2022 മാർച്ചിനുള്ളിൽ നഗരങ്ങളിലെ 15,000 കുടുംബങ്ങൾക്ക് ബാങ്ക് വായ്പ നൽകുന്നതിന് കുടുംബശ്രീയും ഇന്ത്യൻ ഓവർസീസ് ബാങ്കും തമ്മിൽ ധാരണയിലെത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോറും ഇന്ത്യൻ ഓവർസീസ് ബാങ്ക് ചീഫ് റീജിയണൽ മാനേജർ ഇ. രാജ്കുമാറും ധാരണാപത്രത്തിൽ ഒപ്പുവച്ചു. നേരത്തേ ബാങ്ക് ഓഫ് ഇന്ത്യ, ആക്സിസ് ബാങ്ക്, ഐസിഐസിഐ എന്നീ ബാങ്കുകളുമായി സിഎൽഎസ്എസിനു വേണ്ടി കുടുംബശ്രീ കരാറിലെത്തിയിരുന്നു. കേരളത്തിലെ 93 നഗരസഭകളിൽ നിന്നുള്ള 20,353 കുടുംബങ്ങൾക്ക് സിഎൽഎസ്എസ് പ്രകാരം ഇതുവരെ വായ്പ നൽകിക്കഴിഞ്ഞു. കേരള സർക്കാരിന് വേണ്ടി പദ്ധതി നടപ്പാക്കുന്ന നോഡൽ ഏജൻസി കുടുംബശ്രീയാണ്.

**വായ്പ നൽകുക മൂന്ന് വർഷങ്ങൾ കൊണ്ട്**

2022 ഓടെ നഗരപ്രദേശത്ത് ഏവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകളുമായി സംയോജിപ്പിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് പിഎംഎവൈ (നഗരം). ഇതിന്റെ ഭാഗമായി നഗരപ്രദേശത്തെ ഭവനരഹിതർക്ക് വീടുകൾ വാങ്ങുന്നതിനോ നിർമ്മിക്കുന്നതിനോ നിലവിലുള്ള വീടുകൾ താമസയോഗ്യമാക്കുന്നതിനോ നിലവിലെ പലിശ നിരക്കിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിയാണ് സി.എൽ.എസ്.എസ്.

കേരളത്തിലെ ഏതെങ്കിലും നഗരത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി സ്ഥിരതാമസക്കാരായ വർക്കും കുടുംബത്തിലെ അംഗങ്ങളുടെ ആരുടെ പേരിലും ഇന്ത്യയിലൊരിടത്തും സ്ഥായിയായ വാസയോഗ്യമായ വീടുകളില്ലാത്തവർക്കുമേ സി.എൽ.എസ്.എസിന് അപേക്ഷിക്കാനാകൂ. ഈ സബ്സിഡി സ്കീം അനുസരിച്ച് 6 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള (സാമ്പത്തികമായി പിന്നാക്ക വിഭാഗം, താഴ്ന്ന വരുമാന വിഭാഗം) കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വരെ പലിശ സബ്സിഡിയോട് കൂടി വായ്പ ലഭിക്കും. 6.5 ശതമാനമാണ് പലിശ സബ്സിഡി. ഇടത്തര വരുമാന വിഭാഗക്കാർക്ക് (6 മുതൽ 12 ലക്ഷം രൂപ വരെ വാർഷിക വരുമാനം) 9 ലക്ഷം രൂപവരെയുള്ള വായ്പാ തുകയ്ക്ക് 4 ശതമാനം പലിശ സബ്സിഡി ലഭിക്കും. 12 മുതൽ 18 ലക്ഷം വരെ വാർഷിക വരുമാനമുള്ള രണ്ടാംതലം ഇടത്തരക്കാർക്ക് 12 ലക്ഷം വരെ വായ്പാ തുകയ്ക്ക് ലഭിക്കുന്ന പലിശ സബ്സിഡി 3 ശതമാനവും. എല്ലാ വായ്പകളുടെയും തിരിച്ചടവിനുള്ള കാലാവധി 20 വർഷമാണ്.

കുടുംബശ്രീ പിഎംഎവൈ സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാരായ രോഷ്നി പിള്ള, എം. ഭാവന, അർബൻ ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റ് കെ. പ്രതിഭ എന്നിവരും ഇന്ത്യൻ ഓവർസീസ് ബാങ്ക് ചീഫ് മാനേജർ കൃഷ്ണകുമാർ, പിആർഒ വിൽസൺ തോമസ്, കുറവങ്കോണം ബ്രാഞ്ച് സീനിയർ മാനേജർ മിനി ഉമ്മൻ, പേരൂർക്കട മാനേജർ മായാ പാർവ്വതി, പട്ടം ബ്രാഞ്ച് സീനിയർ മാനേജർ ഷീബ, ഉള്ളൂർ ബ്രാഞ്ച് മാനേജർ ദിവ്യ, മാർക്കറ്റിങ് മാനേജർ പ്രിയ, മാനേജർ സംഗീത എന്നിവരും പങ്കെടുത്തു.

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Asha Varghese
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun. S Publicity:Sreebal B.S , E-mail: prteamkshreeho@gmail.com